**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5826** **16-03-2023 - ൽ മറുപടിയ്ക്ക്**

**സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ ശിശു വികസന വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് വേതന വർദ്ധനവ് നടപ്പാക്കുന്നതിനും ശൂന്യവേതന അവധി ഉൾപ്പെടെ അനുവദിച്ചുകൊണ്ട് സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | സ.ഉ.(സാധാ)നം.20/21/WCDD, തീയതി: 08.09.2021 പ്രകാരം സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വേതനം 24000/- രൂപയാക്കി വർധിപ്പിച്ച ഉത്തരവായിട്ടുള്ളതാണ്.<br><br>സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ നിയമനം ഒരുവർഷ കരാർ ജീവനക്കാർക്ക് ബാധകമായ KSR പാർട്ട് 1, അനുബന്ധം VIII, ക്ലോസ് 1 ന വിധേയമാണ്. അതുപ്രകാരം ഒരുവർഷ കരാർ ജീവനക്കാർക്ക് ശൂന്യവേതനാവധിയ്ക്ക് അർഹത ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**വനിതാ ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ഹോണറേറിയം വർധിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**വനിതാ ശിശു വികസന ( സി ) വകുപ്പ്**

**സ.ഉ. (സാധാ) നം. 20 /2021/WCDD** **തീയതി, തിരുവനന്തപുരം, 8/09/2021**

---

പരാമർശം- 1.സ ഉ ( എം എസ് ) നം . 38 / 2021 / ഫിൻ , തീയതി 23/02/2021

2.24/03/2021 തീയതിയിലെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ ICDS/A6-3675/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2020 - 2021 ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 216 ൽ വനിതാ ശിശു വികസന വകുപ്പിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ പ്രതിമാസ വേതനം 24000 / - രൂപയായി ഉയർത്തുന്നു എന്ന പ്രഖ്യാപനത്തിനടിസ്ഥാനിൽ ടി തസ്തികയുടെ പ്രതിമാസ ഹോണറേറിയം 24000 രൂപയാക്കി ഉയർത്തി തത്വത്തിൽ അംഗീകരിച്ച പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് ആയിരുന്നു . പ്രസ്തുത ഉത്തരവിന്റെയടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ പ്രതിമാസ ഹോണറേറിയം 24000 രൂപയായി തത്വത്തിൽ അംഗീകരിച്ചത് പരിഗണിച്ചും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ പ്രൊപോസൽ പരിഗണിച്ചും സംസ്ഥാനത്തു വനിതാ ശിശു വികസന വകുപ്പിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ പ്രതിമാസ ഹോണറേറിയം സേവനകാലാവധി പരിഗണിക്കാതെ 01 / 04 / 2021 മുതൽ മുൻകാല പ്രാബല്യത്തോടെ 24000 / - രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
നിഷ എസ്
അഡിഷണൽസെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്

ഫിനാൻസ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

✓ കരുതൽഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Lakshmi

സെക്ഷൻ ഓഫീസർ

54/9/2/1